## 21. പൊതുജനങ്ങളുടെ/ഉപഭോക്താക്കളുടെ

## ചുമതലകൾ, കടമകൾ

1. ഈ വകുപ്പിലെ ഓരോ ജീവനക്കാരനും, ജനങ്ങളുടെ നിയമപരമായ ആവശ്യങ്ങൾ പരിഗണിച്ച് വേണ്ട സേവനം ചെയ്യുവാൻ ബാദ്ധ്യസ്ഥനാണ്. അായതിനാൽ, ലഭിക്കുന്ന സേവനത്തിന് പകരമായി യാതൊരുവിധ പ്രതിഫലമോ, പാരിതോഷികമോ ജീവനക്കാർക്ക് നൽകുവാൻ പാടുള്ളതല്ല. അപ്രകാരമുള്ള നടപടി നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.

2. വകുപ്പിലെ സേവനത്തിനായി പൊതുജനങ്ങൾ കഴിവതും നേരിട്ട് ഹാജരാകാൻ ശ്രമിക്കേണ്ടതാണ്.

3. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നടപടി ക്രമങ്ങളും ഉത്തരവുകളും പാലിക്കുവാൻ ഓരോ പൗരനും ബാധ്യസ്ഥനാണ്.

4. അപേക്ഷകളിൽ തെറ്റായ വിവരങ്ങൾ കടന്നു കൂടാതിരിക്കുവാൻ പൗരൻമാർ ശ്രദ്ധിക്കേണ്ടതാണ്.